LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂരിൽ വസ്ത്രനിർമ്മാണ പാർക്ക്

34 [2161] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വസ്ത്രനിർമ്മാണ പാർക്ക് (അപ്പാരൽ പാർക്ക്) ആരംഭിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംരംഭം ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംരംഭത്തിന് ആവശ്യമായ സ്ഥലം കിൻഫ്ര മുഖേന നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേന്ദ്ര പദ്ധതിയിൽനിന്ന് എന്തു സഹായം ലഭിക്കുമെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാന സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്നാണ് കേന്ദ്രം നിർദ്ദേശിക്കുന്നത്;

(എഫ്) കണ്ണൂർ ജില്ലയിലെ തോട്ടട കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാൻഡ്ലൂം ടെക്സ്റ്റൈൽ ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് പ്രസ്തുത പാർക്കിന്റെ പ്രവർത്തനം സംഘടിപ്പിക്കുമോ?

ഉത്തരം

(എ) കണ്ണൂരിൽ ഒരു വസ്ത്ര വികസന കേന്ദ്രം കേന്ദ്രസർക്കാരിന്റെ ടെക്സ്റ്റൈൽ വകുപ്പിന്റെ കീഴിലുള്ള Textile Centre Infrastructure Development Scheme (TCIDS) എന്ന പദ്ധതിയനുസരിച്ച് തുടങ്ങുന്നതിന് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) കിൻഫ്രയെ ഇതിന്റെ implementing agency ആയി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ സ്കീം കിൻഫ്ര കേന്ദ്ര സർക്കാരിന് നൽകുകയും കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കിൻഫ്രയുടെ കൈവശമുള്ള സ്ഥലത്താണ് ഈ സംരംഭം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര പദ്ധതിയിൽനിന്നും 20 കോടി രൂപവരെ റീ ഇമ്പേഴ്സ്മെന്റ് അടിസ്ഥാനത്തിൽ സഹായം ലഭിക്കും.

(ഇ) നിലവിലുള്ള ടെക്സ്റ്റൈൽ വ്യവസായത്തെ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും തന്മൂലം കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഘടകങ്ങളാണ് ഇവിടെ വികസിപ്പിക്കേണ്ടത്.

(എഫ്) ഈ സെന്ററിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസി കിൻഫ്രയാണ്. ഇവിടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളാണ് കിൻഫ്ര ഒരുക്കേണ്ടത്. ഈ പദ്ധതിക്കുവേണ്ടി മറ്റേതെങ്കിലും ഏജൻസികളുമായി സഹകരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിന് നൽകിയ പ്രോജക്ട് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടില്ല.